**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2016-17- മട്ടന്നൂർ നിയോജക മണ്ഡലം - ഉളിക്കൽ കാഞ്ഞിലേരി കണിയാർ വയൽ റോഡ് റീടാറിങ്ങ്(Ch 6/850 മുതൽ 8/500 വരെ) - ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.1285/2017/തസ്വഭവ　　　　തിരുവനന്തപുരം, തീയതി : 22.04.2017.**

പരാമർശം :- (1) സർക്കുലർ നം. 33/2016/ധന തീയതി 12/4/2016

(2) സ.ഉ. (ആർ.ടി)നം. 3606/2015/തസ്വഭവ തീയതി 02/12/2015

(3) ശ്രീ.ഇ.പി.ജയരാജൻ എം.എൽ.എയുടെ കത്ത്

(4) തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23/01/2017 ലെ ഡിബി 5-3360/ 14/ സി.ഇ. തസ്വഭവ നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (2)ലെ സർക്കാർ ഉത്തരവു പ്രകാരം, മട്ടന്നൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.ഇ.പി.ജയരാജൻ എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും **" ഉളിക്കൽ കാഞ്ഞിലേരി കണിയാർ വയൽ റോഡ് റീടാറിങ്ങ് ( Ch 6/850 മുതൽ Ch 8/500 വരെ)"** എന്ന 25 ലക്ഷം രൂപയുടെ പ്രവർത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത പ്രവർത്തി പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ച് പുരോഗമിച്ച വരികയാണെന്നും ടി റോഡിന്റെ Ch 6/000 മുതൽ Ch 7/250 വരെയുള്ള ഭാഗം വീതികൂട്ടി റീടാറിംഗ് നടത്തുന്നതിന് അനുമതി നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉളിക്കൽ കാഞ്ഞിലേരി കണിയാർ വയൽ റോഡ് റീടാറിങ്ങ് ( Ch 6/850 മുതൽ Ch 8/500 വരെ)" എന്ന പ്രവർത്തി പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നതിനാൽ പരാമർശം (2)ലെ സർക്കാർ ഉത്തരവു പ്രകാരം നൽകിയ ഭരണാനുമതി റദ്ദ് ചെയ്തു കൊണ്ട് ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി.**

ശ്രീ.ഇ.പി.ജയരാജൻ, എം.എൽ.എ, മട്ടന്നൂർ ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം
സെക്രട്ടറി, പടിയൂർ ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
ധനകാര്യ വകുപ്പ് ( NCC3/93/2015-Fin , 17/4/2017)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ